**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – മലപ്പുറം ജില്ല – 21-ാമത് സംസ്ഥാന ജൂനിയർ കബഡി ചാമ്പ്യൻഷിപ്പ് - 2016 – പൊന്നാനി നഗരസഭയിൽ നിന്നും, പൊന്നാനി താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3209/2016/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29/11/2016

പരാമർശം:-

1. 21-ാമത് സ്റ്റേറ്റ് ജൂനിയർ കബഡി ചാമ്പ്യൻഷിപ്പ് 2016 ജനറൽ കൺവീനറുടെ 05.11.2016-ലെ കത്ത്.
2. സ.ഉ.(എം.എസ്.) 58/06/തസ്വഭവ. തീയതി: 16.02.2006.

**<u>ഉത്തരവ്</u>**

2016 ഡിസംബർ 2, 3, 4 തീയതികളിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് നടക്കുന്ന 21-ാമത് സംസ്ഥാന കബഡി ചാമ്പ്യൻഷിപ്പ് 2016-ന്റെ നടത്തിപ്പിനായി പൊന്നാനി നഗരസഭയിൽ നിന്നും 50,000/- രൂപയും പൊന്നാനി താലൂക്കിലെ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 10,000/- രൂപ വീതവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നതാണ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016 ഡിസംബർ 2, 3, 4 തീയതികളിൽ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ വച്ച് നടക്കുന്ന 21-ാമത് സംസ്ഥാന കബഡി ചാമ്പ്യൻഷിപ്പ് 2016-ന്റെ നടത്തിപ്പിനായി പൊന്നാനി നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് 50,000/- (അമ്പതിനായിരം രൂപ മാത്രം) രൂപയും പൊന്നാനി താലൂക്കിലെ മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ്, നന്നംമുക്ക്, ആലങ്കോട്, വട്ടംകുളം, എടപ്പാൾ, തവനൂർ, കാലടി എന്നീ ഗ്രാമ പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും 10,000/- (പതിനായിരം രൂപ മാത്രം) രൂപ വീതവും അവരവരുടെ കമ്മിറ്റി തീരുമാനത്തിനും

പരാമർശം രണ്ടിലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘാടക സമിതിയിൽ നിന്നും ആഡിറ്റ് ചെയ്ത വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം. (പകർപ്പ് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതിന്)
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (പകർപ്പ് ബന്ധപ്പെട്ട നഗരസഭയ്ക്ക് നൽകുന്നതിന്)
പ്രസിഡന്റ് / സെക്രട്ടറി, സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം.
ചെയർപേഴ്സൺ, 21-ാമത് സംസ്ഥാന കബഡി ചാമ്പ്യൻഷിപ്പ് - 2016, പൊന്നാനി.
സെക്രട്ടറി, നഗരസഭ, മലപ്പുറം.
കായിക യുവജനക്ഷേമ വകുപ്പ്.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Liya
സെക്ഷൻ ഓഫീസർ.